
# VISION 100

# EDAKKARA KOLAKKAD AUPS

## KOYILANDY SUB Dist. VADAKARA Ednl.Dist. KOZHIKODE



# ആമുഖം

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ, വിദ്യാലയം അതിന്റെ ഭാവിവിദ്യാഭ്യാസ കാഴച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണംചെയ്യുന്ന പദ്ധതികളുൾപ്പെട്ടതാണിത്. ഇതിന് മൂന്നു ഘട്ടങ്ങളുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങൾ, ആ ലക്ഷ്യങ്ങൾ നേടുന്ന പ്രവർത്തന പദ്ധതികൾ.

നവീനമായ ഒട്ടേറെ ആശയങ്ങൾ മുന്നോട്ട് വെച്ച് വിദ്യാഭ്യാസ രംഗത്ത് കാലാചിതമായ പരിഷ്കരണങ്ങളും നടപ്പിലാക്കേണ്ടിയിരിക്കുന്നു. കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക വികാസം ശരീരികവും മാനസികവുമായ വികാസം, പരിസ്ഥിതികാവബോധം, ശാസ്ത്രീയബോധം തുടങ്ങിയവ വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം ഇതിനായി അധ്യാപകർ, പി.ടി.എ.എം, SRG, SSG,പൂർവിദ്യാർഥികൾ എന്നിവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ സ്വാംശീകരിച്ചു കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിത്.

# ഉള്ളടക്കം

1 ആമുഖം

2 വിദ്യാലയ ചരിത്രം

3 കാഴ്ചപ്പാട്

4 പരമിതികൾ

5 **വിഷയ മേഖലകൾ എൽ. പി., യു.പി**

| ക്രമനമ്പർ | മേഖല | ഉപമേഖല | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | അക്കാദമികം | എൽ.പി മലയാളം | • തെറ്റു കൂടാതെ വായിക്കാനും<br>• കുട്ടിക്കവിതകൾ വായക്കാനും ചൊല്ലാ |
| 2 | അക്കാദമികം | എൽ.പി ഗണിതം | • ഗണിത പിന്നോക്കാവസ്ഥ പരിഗണിക്ക<br>• ഗണിതം മധുരം<br>• സെമിനാർ, ഗണിത ക്ലബ്, ICT |
| 3 | അക്കാദമികം | എൽ.പി ഇംഗ്ലീഷ് | • Story time speech, Diary Writing |
| 4 | അക്കാദമികം | എൽ.പി പരിസരപഠനം | • ജൈവവേലി നിർമ്മാണം<br>• ജൈവ പച്ചക്കറി |

| ക്രമനമ്പർ | മേഖല | ഉപമേഖല | പ്രവർത്തനങ്ങൾ |
|---|---|---|---|
| 5 | അക്കാദമിക | യുപി മലയാളം | വായനോത്സവം, എന്റെ പുസ്തകം, മാസികാനിർമ്മാണം, അക്ഷരപുലരി |
| 6 | അക്കാദമികം | യുപി-ഇംഗ്ലീഷ് | ഇംഗ്ലീഷ് അസംബ്ലി, ലൈബ്രറി, മാഗസിൻ, രചനാശില്പശാല, Story time, Public Speaking, Drama and theatre, Choreography |
| 7 | അക്കാദമികം | യുപി- ഹിന്ദി | ഹിന്ദി നാടകോത്സവം, ക്യാമ്പ്, ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം |
| 8 | അക്കാദമികം | എൽ.പി-സംസ്കൃതം<br>യുപി- സംസ്കൃതം | കായിക സംസ്കൃതം, വാർത്താ സംസ്കൃതം, കൈയെഴുത്ത് മാസിക, സംസ്കൃത പ്രദർശനി,സംസ്കൃത സാഹിത്യ വേദി |
| 9 | അക്കാദമികം | യുപി- സാമൂഹ്യ ശാസ്ത്രം | സോഷ്യൽ.സയൻസ് ഫെസ്റ്റ്, ഡിജിറ്റൽ ആൽബം, പ്രാദേശിക വിഭവ ഭൂപട നിർമ്മാണം, സെമിനാർ |
| 10 | അക്കാദമികം | യു.പി -സയൻസ് | ശാസ്ത്രമൂലക്രമീകരണം, സ്കൂൾലാബ്, പരീക്ഷണ ശില്പശാല, ശാസ്ത്ര ലൈബ്രറി, ഹരിത ജീവനം |
| 11 | അക്കാദമികം | യു.പി-ഗണിതം | ഗണിത മാഗസിൻ, ഗണിത ക്ലബ്ബ്, ICT,സെമിനാർ, ഗണിതം മധുരം |

## വിദ്യാലയ ചരിത്രം

1925 ൽ ഈച്ചരാട്ടിൽ പുതുക്കുടി കൃഷ്ണൻ നായർ എഴുത്തു പള്ളിക്കൂടമായി ആരംഭിച്ച വിദ്യാലയമാണിത് ബ്രഹ്മശ്രീ വിഷ്ണു നമ്പൂതിരി മാനേജരായി വിഷ്ണുവിലാസം എൽ.പി സ്കൂളായും തുടർന്ന് എടക്കര കൊളക്കാട് എ.യു.പി സ്കൂളായി ഉയർത്തപ്പെട്ടത്. ഇ പി കൃഷ്ണൻ നായരായിരുന്നു ആദ്യ അധ്യാപകൻ. ആദ്യ വിദ്യാർത്ഥി എടവാളേരി ചാത്തുവും ആദ്യവർഷം ഒന്നാം തരത്തിൽ 5 കുട്ടികളായിരുന്നു. 1959 ൽ സ്കൂളിന്റെ മാനേജ്മെന്റ് കവലായി കുഞ്ഞിരാമൻ ഏറ്റെടുത്തു. 83 മുതൽ കവലായി കുഞ്ഞിരാമൻ എജുക്കേഷൻ സൊസൈറ്റിയുടെ കീഴിലാണ് ഈ വിദ്യാലയം. ഈ സ്കൂളിന് സ്വന്തമായി ഒരു ഏക്കർ 63 സെന്റ് സ്ഥലവും അതിൽ കെട്ടിടവുമുണ്ട്.

| | | |
|---|---|---|
| സ്ഥാപിതം | : | 1925 |
| സ്ക്കൂൾ കോഡ് | : | 16356 |
| സ്ഥലം | : | കൊളക്കാട് |
| സ്കൂൾ വിലാസം | : | കൊളക്കാട്പി.ഒ അത്തോളി കോഴിക്കോട് |
| പിൻകോഡ് | : | 673315 |
| സ്ക്കൂൾ ഫോൺ | : | 04962674500 |
| സ്കൂൾ ഇമെയിൽ | : | School 16356@gmail.com |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ഉപജില്ല | : | കൊയിലാണ്ടി |
| ഭരണ വിഭാഗം | : | എയ്ഡഡ് |
| സ്കൂൾ വിഭാഗം | : | പൊതു വിദ്യാലയം |
| പഠന വിഭാഗങ്ങൾ | : | എൽ.പി യുപി |
| മാധ്യമം | : | മലയാളം |

# കാഴ്ചപ്പാട്

അടുത്ത 5 വർഷത്തിനകം ഈ വിദ്യാലയത്തിലൂടെ കടന്നുപോകുന്ന എല്ലാകുട്ടികൾക്കും എഴുതാനും വായിക്കാനും വിവിധ ഭാഷകൾ അനായാസം ആശയവിനിമയം ചെയ്യാനുമുള്ള കഴിവും ആർജ്ജിച്ചിരിക്കണം.വ്യത്യസ്ത സാഹചര്യത്തിൽ നിന്നു വരുന്ന എല്ലാ കുട്ടികളെയും ഒരേ ചരടിൽ കോർത്തിണക്കുന്ന വിധത്തിലായിരിക്കണം പഠന പ്രക്രിയകൾ.

- കുട്ടികളുടെ സർഗാത്മക കഴിവുകളെ വികസിപ്പിച്ചെടുക്കാൻ പാഠ്യേതര പ്രവർതത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം. കുട്ടികളുടെ ആഗ്രഹങ്ങൾക്കുതകുന്ന തരത്തിലുള്ള ഭൗതികാന്തരീക്ഷം സ്കൂളിനുണ്ടായിരിക്കണം. എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ്റൂമുകളാക്കണം.

വേനലവധിക്കാലത്ത് കുട്ടികളെ കാൻവാസ് ചെയ്യാതെ തന്നെ അവരെ സ്കൂളിലേക്ക് ആകർഷിപ്പിക്കുന്ന തരത്തിലുള്ള പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. പ്രീപ്രൈമറി ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങുന്നതിലൂടെ മറ്റ് സ്കൂളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയാൻ കഴിയും.

- ജൈവവൈവിധ്യപാർക്ക്, ശലഭോദ്യാനം എന്നിവ ഒരുക്കുന്നതിലൂടെ മണ്ണുമായി കൂടുതലടുക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.

- ഇതുവരെ തുടർന്നു വരുന്ന ജൈവപച്ചക്കറി കൃഷിയിലൂടെ ഉച്ചഭക്ഷണം സമൃദ്ധമാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നും വിപുലമായ രീതിയിൽ ഈ പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതുണ്ട്.
- കായികരംഗത്ത് വിദഗ്ധരെ കൊണ്ടുവന്ന് പരിശീലനം നൽകണം. കളിയുപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടിയിരിക്കുന്നു. ഇതിനായി പി.ടി.എ എസ്.എസ്.ജി എന്നിവരുടെ സഹായം തേടണം.
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന കരാട്ടേ, സൈക്കിൾ പഠനം, യോഗ, കളരി തുടങ്ങിയ ക്ലാസുകൾ സംഘടിപ്പിക്കണം. ഇത് പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.
- ഓരോ കുട്ടിക്കും തന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും ക്ലാസ്മുറിയിൽ അധ്യാപകരുമായി പങ്കുവെക്കാൻ കഴിയണം. ക്ലാസ് പിടിഎ സജ്ജീവമാക്കാൻ ഒരോ അധ്യാപകനും തനത് പദ്ധതികൾ ആസൂത്രണം ചെയ്യണം.
- കുട്ടികളെ ആകർഷിക്കാനും കായിക-ആരോഗ്യക്ഷമത വർദ്ധിപ്പിക്കാനും പെഡഗോഗി പാർക്ക് അത്യന്താപേക്ഷിതമാണ്. സ്കൂളിൽ സജീവമായ ടാലന്റ് ലാബ് വേണം. വിവിധ ക്ലബുകളുടെ പ്രവർത്തനം കൃത്യതയോടും ചിട്ടയോടും കൂടി പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തണം.
- സ്കൂൾകാമ്പസിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കും. കാമ്പസിനെ പ്ലാസ്റ്റിക്ക് രഹിത മേഖലയായി പ്രഖ്യാപിക്കും.
- കുട്ടിയുടെ സാമൂഹികവും കുടുംബപരവുമായ പശ്ചാത്തലം അന്വേഷിച്ചറിയാനും തുടർ സഹായം നൽകാനുമുള്ള മാനസികാവസ്ഥ ഒരോ അധ്യാപകനുമുണ്ടാവണം. ഇത്തരത്തിലുള്ള സാമൂഹിക പ്രതിബദ്ധത കുട്ടികളിലുണ്ടാക്കിയെടുക്കണം.
- എനിക്കും ക്ലാസ്സിലൊരിടമുണ്ടെന്നും എന്റെ അറിവും ഇവിടെ പരിഗണിക്കപ്പെടുമെന്ന തോന്നൽ ഒരോ കുട്ടിക്കുമുണ്ടാവുമ്പോൾ വിദ്യാലയം മികവുറ്റതാകുന്നു.

# ഭാഷ

## ലക്ഷ്യങ്ങൾ

· എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തും.
· എല്ലാകുട്ടികളും എഴുത്തും വായനയും അറിയുന്നവരെന്ന് ഉറപ്പ് വരുത്തും.
· വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്നഅവസരങ്ങളൊരുക്കും.
· ഓരോ കുട്ടികളുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രബമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള കഴിവുകൾ വികസിപ്പിക്കും.

## പ്രശ്നങ്ങൾ

· വിവിധ ഭാഷാ മത്സരപ്പരീക്ഷകളിലും മറ്റുപരിപാടികളിലുമുള്ള കുട്ടികളുടെ കഴിവ് ഇനിയും വർധിപ്പിക്കേണ്ടതുണ്ട്.
· ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾകുറച്ച് കൂടി വികസിപ്പിക്കേണ്ടതുണ്ട്.
· എഴുത്തും വായനയും പൂർണമായരീതിയിൽ അറിയാത്തവരായി ഇനിയും കുട്ടികളുണ്ട്.
· ഓരോകുട്ടിയുടെയും അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള പൂർണ സമയ സേവനം ലഭ്യമാവുന്നില്ല.

## ടാലന്റ് ലാബ്

കുട്ടികൾ ഒട്ടനവധി സർഗസാവാസനകളുടെ ഉടമകളാണ്. ഈ സർഗവാസനകളെ ശരിയായ വിധത്തിൽ ഉപയോഗിക്കുകയാണെങ്കിൽ കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനും കഴിയും. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പടവുകൾ എന്ന പേരിൽ ടാലന്റ് ലാബ് ഒരുക്കുവാൻ തീരുമാനിച്ചു.

## പ്രവർത്തനരീതി

സ്കൂളിൽ വ്യത്യസ്ത കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിൽ കഴിവ് പുലർത്തുന്നവരെ കണ്ടത്തി പരിശീലനം നൽകുന്നു. പി.ടി എ, എസ്.എസ്.ജി, പഞ്ചാത്ത് എന്നിവരുടെ സഹായം ഇതിനായി ഉപയോഗപ്പെടുത്തുന്നു.